# അപ്പൊസ്തലനായ പൗലൊസ്
# തിമൊഥെയൊസിന് എഴുതിയ ഒന്നാം ലേഖനം

### മുഖവുര

തിമൊഥെയൊസിന് എഴുതിയ ഒന്നാം ലേഖനം ഒരു ഇടയലേഖനമാണ്. അപ്പൊസ്തലനായ പൗലൊസ് വിശ്വാസത്തിൽ നിജപുത്രനായിരുന്ന തിമൊഥെയൊസിന് സഭാഭരണത്തെക്കുറിച്ച് നൽകുന്ന ഉപദേശങ്ങൾ ആണ് ഈ ലേഖനത്തിൽ ഉള്ളത്. തിമൊഥെയൊസിന് എഴുതിയ രണ്ടാം ലേഖനവും തീത്തൊസിന്റെ ലേഖനവും ഇടയ ലേഖനങ്ങളിൽ ഉൾപ്പെടും. എഫെസൊസ് സഭയിൽ ശുശ്രൂഷിക്കുവാൻ തിമൊഥെയൊസിനെ പൗലൊസ് അയ യ്ക്കുക യുണ്ടായി. സഭയിൽ അന്ന് സഭാഭരണം, ശിക്ഷണ നടപടികൾ, വിശ്വാസത്തിന്റെ നിർമ്മലത തുടങ്ങിയ പ്രശ്നങ്ങൾ ഉടലെടുത്തിരുന്നു. കൂടാതെ സഭാനേതൃത്വത്തിനുള്ള യോഗ്യതകൾ, മാതൃകാശുശ്രൂഷകന്റെയും വിശ്വാ സികളുടെയും ഉത്തരവാദിത്വങ്ങൾ തുടങ്ങിയ വിഷയങ്ങളിലും തിമൊഥെയൊസിന് പരിജ്ഞാനം ലഭിക്കേണ്ടിയി രുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി വൃദ്ധ നായ അപ്പൊസ്തലൻ യുവാവായ തിമൊഥെയൊസിന് ഈ ലേഖനം എഴുതി യിരിക്കുന്നു.

എഴുത്തുകാരൻ പൗലൊസാണ്. എ.ഡി. 64-ൽ ഈ ലേഖനം ഫിലിപ്പ്യ യിൽനിന്നും എഴുതി എന്ന് കരുതു ന്നു. തിമൊഥെയൊസ് ലുസ്ത്ര സ്വദേശിയായിരുന്നു. അമ്മ യെഹൂദസ്ത്രീയും അപ്പൻ ഗ്രീക്കുകാരനും ആയിരു ന്നു. അമ്മയും വല്യമ്മയും ദൈവഭക്തിയുള്ളവരും തിമൊഥെയൊസ് അവരാൽ വളർത്തപ്പെട്ടവനുമായിരുന്നു. പൗലൊസിന്റെ ആദ്യമിഷ്യനറിയാത്രയിൽ തിമൊഥെയൊസ് രക്ഷിക്കപ്പെട്ടു എന്നു കരുതാം (പ്രവൃ. 14:8-20). രണ്ടാ മത്തെ മിഷ്യനറിയാത്രയിൽ അവൻ പൗലൊസിന്റെ സഹപ്രവർത്തകനായി തിരഞ്ഞെടുക്കപ്പെട്ടു. തിമൊഥെയൊസ് സഭയിൽ സാക്ഷ്യമുള്ള വിശ്വസ്ത ശുശ്രൂഷകനായിരുന്നു (1 കൊരി. 4:17). അവൻ സുവിശേഷഘോഷണത്തിൽ ഉത്സാഹ മുള്ളവനും പൗലൊസിന് തുല്യചിത്തനും ആയിരുന്നു. പൗലൊസിന്റെ അവസാനത്തെ രണ്ടു ലേഖന ങ്ങൾ തിമൊഥെയൊസിന് എഴുതിയിരിക്കുന്നത് പൗലൊസിന് അവനോടുള്ള പ്രത്യേക സ്നേഹവും താല്പര്യവും വ്യക്തമാക്കുന്നു.

### ലേഖന വിഭജനം

അദ്ധ്യായം 1 - ഉപദേശത്തെ സംബന്ധിച്ച കല്പനകൾ
അദ്ധ്യായം 2 - പ്രാർത്ഥനയും സ്തോത്രവും സംബന്ധിച്ചുള്ള ഉപദേശങ്ങൾ
അദ്ധ്യായം 3 - ശുശ്രൂഷകന്മാരുടെ യോഗ്യതകൾ
അദ്ധ്യായം 4 - ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചുള്ള മുന്നറിയിപ്പ്
അദ്ധ്യായം 5 - അന്യോന്യമുള്ള ഉത്തരവാദിത്വങ്ങൾ
അദ്ധ്യായം 6 - തിമൊഥെയൊസിനുള്ള വ്യക്തിപരമായ നിർദ്ദേശങ്ങൾ

**അദ്ധ്യായം 1**

### പൗലൊസിന്റെ ആശംസ (1:1,2)

മറ്റു ലേഖനങ്ങളിൽ എന്നപോലെ ഈ ലേഖനവും ആശംസയോടെ ആരംഭിക്കുന്നു. ക്രിസ്തുവിന്റെ അപ്പൊ സ്തലൻ എന്ന അധികാരത്തോടെ യാണ് പൗലൊസ് ലേഖനം തുടങ്ങുന്നത്. താൻ സ്വയമായി ഈ പദവി എടു ത്തവനല്ല (എബ്രാ. 5:4). ജാതികളോട് സുവിശേഷം അറിയിക്കുവാൻ താൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവ നായിരുന്നു (ഗലാ. 1:15,16). ക്രിസ്തു നമ്മുടെ രക്ഷിതാവും അവന്റെ വരവ് നമ്മുടെ ഭാഗ്യകരമായ പ്രത്യാശയുമാണ്. ആ കർത്താവിൽനിന്നും ദിവ്യനിയോഗം തനിക്ക് ലഭിച്ചിരിക്കുന്നു എന്ന ബോധം പൗലൊസിനുണ്ടായിരുന്നു. ആത്മി കശുശ്രൂഷകളിൽ ഏർപ്പെടുന്നവർക്ക് ഈ അറിവ് ഉണ്ടാകണം.

തിമൊഥെയൊസിന് ഉപദേശവും പ്രോത്സാഹനവും നൽകുവാൻ പൗലൊസ് ഈ ലേഖനം എഴുതിയിരിക്കു ന്നു. തിമൊഥെയൊസ് എന്ന പേരിന്റെ അർത്ഥം 'ദൈവത്തെ ബഹുമാനിക്കുന്നവൻ' എന്നാണ്. ഇവിടെ തിമൊഥെ യൊസിന് കൃപയും കനിവും സമാധാനവും ആശംസിച്ചിരിക്കുന്നു. ഇതര ലേഖനങ്ങളിൽ കാണാത്ത ഒന്നാണ് കനിവ് ആശംസിക്കുന്നത്. ദൈവം പാപികളോട് പ്രദർശിപ്പിക്കുന്ന സഹതാപവും സഹായവുമാണ് കൃപ. കൃപ യാൽ നാം രക്ഷിക്കപ്പെട്ടവർ ആണ്. നാം അനുദിനജീവിതത്തിൽ ദൈവകൃപ അനുഭവിക്കുന്നു. നമ്മുടെ സകല അനുഗ്രഹങ്ങളും കൃപയാൽ ലഭിച്ചത് മാത്രമാണ്. കനിവുകൊണ്ടുള്ള അർത്ഥം പാപികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നില്ല എന്നാകുന്നു. ദൈവത്തിന്റെ മഹാസ്നേഹമാണ് കനിവിൽ പ്രദർശിപ്പിച്ചിരിക്കുന്നത് (എഫെ. 2:4).

സമാധാനംകൊണ്ടുള്ള അർത്ഥം ഒടിഞ്ഞു വേർപെട്ടതിനെ കൂട്ടിച്ചേർക്കുക എന്നാണ്. ക്രിസ്തു നമ്മുടെ സമാധാനം (എഫെ. 2:14). അവൻ പാപികളെ പരിശുദ്ധനായ ദൈവത്തോട് ബന്ധമുള്ളവരാക്കി. പൗലൊസ് തിമൊഥെയൊസിന്റെ ആത്മിക പിതാവായിരുന്നു. അവനു ദൈവത്തിന്റെ കൃപയും കനിവും സമാധാനവും ആശംസിക്കുന്നതിൽ അപ്പൊസ്തലൻ ആവേശം ഉള്ളവനായിരുന്നു.

## ഉപദേശശുദ്ധി ഉള്ളവനാകുക (1:3-11)

പൗലൊസ് വിശ്വാസത്തിൽ നിജപുത്രനായിരുന്ന തിമൊഥെയൊസിന് ഈ ലേഖനം എഴുതിയത് ദൈവസഭയിൽ നടക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഉപദേശിക്കുവാനായിരുന്നു (3:15). മൂന്നുവർഷത്തോളം അപ്പൊസ്തലൻ എഫെസൊസിൽ പാർത്ത് ദൈവവചനം അവരെ അഭ്യസിപ്പിച്ചു. അവിടംവിട്ടു പോകുമ്പോൾ ദുരുപദേഷ്ടാക്കൾ അവരുടെ ഇടയിൽ വരുമെന്ന് മുന്നറിയിപ്പു നൽകിയിരുന്നു (പ്രവൃ. 20:29,30). തിമൊഥെയൊസിന് എഫെസൊസിൽ ഈ ദുരുപദേഷ്ടാക്കന്മാരെ നേരിടേണ്ടതായി വന്നു. അവർ പഴയനിയമ വംശാവലികളും കെട്ടുകഥകളും അടിസ്ഥാനമാക്കി അന്യഥാ ഉപദേശിക്കുന്നവരായിരുന്നു. അതുമൂലം വിശ്വാസികൾ തെറ്റിപ്പോകുവാൻ ഇടയായി. അത് ഒഴിഞ്ഞിരിക്കണം എന്ന് അപ്പൊസ്തലൻ ആജ്ഞാപിക്കുന്നു. സൈനിക കല്പനയ്ക്ക് തുല്യമായ കല്പനയാണ് ഇത്. ദൈവജനം ഉപദേശത്തിൽ തെറ്റിപ്പോയാൽ ജീവിതത്തിലും തെറ്റിപ്പോകുന്നതാണ്. ബൈബിളിൽ നൽകിയിട്ടുള്ളതിനോട് കൂട്ടുകയും കുറയ്ക്കുകയും ചെയ്യുവാൻ ദൈവം അനുവദിക്കുന്നില്ല. വചനശുശ്രൂഷ മനുഷ്യനെ വിനോദിപ്പിക്കുന്ന കലാപരിപാടിയായി തീരരുത്. പ്രത്യുത ആത്മാവിന് പ്രകാശനവും പ്രചോദനവും നൽകുന്ന ആത്മിക ശുശ്രൂഷകളായിത്തീരണം. ദൈവവചനം വിശ്വാസികൾക്ക് ആത്മിക പരിജ്ഞാനം നൽകുവാൻ കാരണമാകണം. കെട്ടുകഥകൾ ഒഴിഞ്ഞിരിക്കുവാൻ വിശ്വാസികളെ ഉപദേശിക്കണം എന്ന് തിമൊഥെയൊസിനോട് ആജ്ഞാപിക്കുന്നു.

തെറ്റായ ഉപദേശങ്ങൾ തർക്കങ്ങളും സംശയങ്ങളും ദൈവജനത്തിന്റെ മദ്ധ്യത്തിൽ സൃഷ്ടിക്കും. അത് ആർക്കും ആത്മിക വർദ്ധനവ് ഉളവാക്കുകയില്ല. ദുരുപദേശങ്ങൾ ഒഴിഞ്ഞിരിക്കുന്നവർക്ക് മാത്രമേ നിർവ്യാജവിശ്വാസം ഉള്ളവരാകുവാൻ കഴിയുകയുള്ളൂ. അങ്ങനെ ശുദ്ധഹൃദയവും നല്ല മനസ്സാക്ഷിയും ഉള്ളവരായി സ്നേഹത്തിലും ഐകമത്യത്തിലും കഴിയുവാൻ വിശ്വാസികൾക്കു സാധിക്കും. ശുദ്ധഹൃദയം ദൈവവചനത്തേയും പരിശുദ്ധാ ത്മാവിനേയും അനുസരിക്കുമ്പോൾ ഉണ്ടാകുന്നു. ശുദ്ധമനസ്സാക്ഷി പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതപിക്കുമ്പോൾ ലഭിക്കുന്നു. മനസ്സാക്ഷി നമുക്ക് തെറ്റു കുറ്റങ്ങളെക്കുറിച്ച് ബോധം നൽകുവാൻ നൽകിയിട്ടുള്ളതാണ് (റോമർ 2:15). മനസ്സാക്ഷിക്ക് എതിരെ തെറ്റുചെയ്യുമ്പോൾ അത് മലിനമായിത്തീരുന്നു (തീത്തൊ. 1:15). തെറ്റുകൾ തുടർന്ന് ചെയ്യുമ്പോൾ മനസ്സാക്ഷി തഴമ്പിച്ചുപോകുവാനും സാധ്യതയുണ്ട് (1 തിമൊ. 4:2).

ഉപദേശശുദ്ധി ത്യജിക്കുന്നവർ അർത്ഥശൂന്യമായ തർക്കങ്ങളിലും വാദങ്ങളിലും ഏർപ്പെട്ട് ഉപദേഷ്ടാക്കന്മാരാകുവാൻ ആഗ്രഹിക്കുന്നു. ഈ കള്ളയുപദേഷ്ടാക്കന്മാർ കലഹപ്രിയരും ദൈവസഭയിൽ ഭിന്നത ഉളവാക്കുന്നവരും ആയിരിക്കും. അവരുടെ ആത്മിക അജ്ഞതയെക്കുറിച്ച് അവർ ബോധവാന്മാരല്ല. അവർ ന്യായപ്രമാണത്തെ തെറ്റായി വ്യാഖ്യാനിക്കുന്നവർ ആണ്. ന്യായപ്രമാണം കുറ്റംവിധിക്കുന്ന പതിന്നാലു തരം വ്യക്തികളെക്കുറിച്ച് 8ഉം 9ഉം വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. ന്യായപ്രമാണം നല്ലതാണ്. പത്തു കല്പനയിലെ ആദ്യത്തെ നാലു കല്പനകൾ മനുഷ്യന് ദൈവത്തോടുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവസാനത്തെ ആറു കല്പനകൾ സമസൃഷ്ടികളോടുള്ള ഉത്തരവാദിത്വങ്ങളെയും കാണിക്കുന്നു. അത് നൽകിയത് പാപബോധം മനുഷ്യനിൽ ഉളവാക്കുവാനാണ് (റോമർ 3:20). അതിന് ആരെയും നീതീകരിക്കുവാൻ കഴിയുന്നതല്ല. അത് രക്ഷകനെക്കുറിച്ചുള്ള ആവശ്യബോധം ഉളവാക്കുന്നു. അങ്ങനെ ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്നവർ പരിശുദ്ധാത്മശക്തിയാൽ ന്യായപ്രമാണം ആവശ്യപ്പെടുന്ന നീതിപ്രവൃത്തികൾ ചെയ്യുവാൻ പ്രാപ്തരായിത്തീരുന്നു. അതിന് നാം ജീവിതം പരിശുദ്ധാത്മനിയന്ത്രണത്തിന് സമർപ്പിക്കണം (റോമർ 8:1-4). ഈ സത്യം പ്രസ്താവിക്കുന്ന തേജസ്സിന്റെ സുവിശേഷം പാപികളെ രക്ഷിക്കുവാൻ ശക്തിയുള്ളതാകുന്നു. അത് പൗലൊസ് ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ് അതിന്റെ സാക്ഷിയായിത്തീർന്നു (റോമർ 1:16). അതിന് വിപരീതമായ മറ്റൊരു സുവിശേഷം ഇല്ല. ന്യായപ്രമാണം സുവിശേഷത്തിന്റെ ആവശ്യം മനുഷ്യന് ബോധം വരുത്തുന്നു. എന്നാൽ അതിന് ആരെയും രക്ഷിക്കുവാൻ കഴിയുന്നതല്ല. ക്രിസ്തു മാത്രം രക്ഷകൻ. ആ സുവിശേഷം പ്രസംഗിക്കുവാൻ അപ്പൊസ്തലൻ നിയോഗിക്കപ്പെട്ടിരുന്നു.

## സുവിശേഷം പ്രസംഗിക്കുക (1:12-17)

പൗലൊസ് കൃപയാൽ രക്ഷിക്കപ്പെട്ടവനാണെന്ന് ഇവിടെ സാക്ഷിക്കുന്നു. സുവിശേഷത്തിന്റെ ശക്തി ജീവിതത്തിൽ അനുഭവിച്ചറിയുവാൻ തനിക്ക് കഴിഞ്ഞു. പൗലൊസിന് ലഭിച്ച കൃപ തന്നെ രക്ഷയിലേക്ക് നയിക്കുവാൻ ശക്തിയുള്ളതായിരുന്നു. അത് ബലഹീനതയിൽ ശക്തി നൽകുന്ന കൃപയാണ് (2 കൊരി. 12:9). ആത്മിക ജീവിതത്തിനും ശുശ്രൂഷകൾക്കും ഈ കൃപ ആവശ്യമാകുന്നു. സുവിശേഷം ഘോഷിക്കുവാൻ പൗലൊസിനെ വിശ്വസ്തനായി കർത്താവ് കണ്ടു (1 കൊരി. 4:1,2). ഈ പദവി താൻ സ്വന്തമായി എടുത്തതല്ല, ദൈവം നൽകിയതാകുന്നു (എബ്രാ. 5:4). തനിക്ക് അഹങ്കരിക്കുവാൻ ഒന്നും ഉണ്ടായിരുന്നില്ല. തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഓർത്ത് അപ്പൊസ്തലൻ ദൈവത്തെ സ്തുതിക്കുന്നു. നമുക്കും അത് മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ.

13-ാം വാക്യത്തിൽ പൗലൊസ് തന്റെ പൂർവ്വസ്ഥിതി വ്യക്തമാക്കുന്നു. അവൻ ദൈവത്തെ ദുഷിക്കുന്നവനായിരുന്നു. ക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ചതാണ് അതിനുള്ള കാരണം. വിശ്വാസികളെ ഉപദ്രവിക്കുന്നവനാ

യിരുന്നു. അത് ക്രിസ്തുവിനെ ഉപദ്രവിക്കുന്നതിനു തുല്യമാണ് (പ്രവൃ. 9:4). നിഷ്ഠുരനായിരുന്നു. ക്രിസ്തുമാർഗ്ഗത്തോടുള്ള വെറുപ്പു തന്നെ ക്രൂരകൃത്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിച്ചു എന്നു സാരം. എന്നാൽ തനിക്ക് കരുണ ലഭിച്ചു. അതിനുള്ള കാരണം ഒരു മതാന്ധനായി അജ്ഞതയിൽ താൻ ഇതൊക്കെയും ചെയ്തു എന്നതാണ്. ഇന്നും ദൈവം പാപികളെ രക്ഷിക്കുന്നത് തന്റെ കൃപ യാലും കരുണയാലും മാത്രമാണ്. സ്വയം നീതിമാന്മാർക്ക് രക്ഷിക്കപ്പെടുവാൻ സാധിക്കുന്നതല്ല. ദൈവം കരുണയിൽ സമ്പന്നൻ ആകുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ മേൽ കൃപ അത്യന്തം വർദ്ധിച്ചുവരുന്നു (റോമർ 5:20). ഈ അറിവു നമ്മെ കർത്താവിന് പ്രയോജനവും മറ്റുള്ളവർക്ക് മാതൃകയും ഉള്ളവരാകുവാൻ സഹായിക്കണം. അങ്ങനെ നാം സുവിശേഷത്തിന്റെ സാക്ഷികൾ ആകും. പാപിയായിരുന്ന പൗലൊസിനെ അത് രക്ഷിച്ചു. ക്രിസ്തു വന്നതിന്റെ പ്രഥമ ലക്ഷ്യം പാപികളെ രക്ഷിക്കുക എന്നുള്ളതായിരുന്നു. പൗലൊസിനെപ്പോലെയുള്ള ഒരു പാപിയെ രക്ഷിക്കുവാൻ ദൈവത്തിന് കഴിയുമെങ്കിൽ ആർക്കും രക്ഷിക്കപ്പെടുവാൻ സാധിക്കും. അതിന് പാപങ്ങൾ അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിക്കണം. അതിന് ദൃഷ്ടാന്തമാണ് അപ്പൊസ്തലൻ. ആരും നശിച്ചുപോകാതെ എല്ലാവരും രക്ഷിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിന് ദീർഘക്ഷമയോടെ അവൻ അവസരങ്ങൾ നൽ കുന്നു. അത് അവഗണിക്കുന്നവർക്ക് നിത്യശിക്ഷാവിധി ഉണ്ടാകും. ദീർഘക്ഷമയ്ക്ക് പരിധിയുണ്ടെന്നുള്ള സത്യം നാം വിസ്മരിക്കരുത്. ദൈവം തന്റെ കൃപയാലും കരുണയാലും സുവിശേഷം മൂലം തന്നെ രക്ഷിച്ചത് ഓർത്ത് പൗലൊസ് ദൈവത്തെ സ്തുതിച്ചു. ആ സുവിശേഷത്തിന്റെ ഉത്തമസാക്ഷി ആകുവാൻ തിമൊഥെയൊസിന് കഴിയണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

### വിശ്വാസത്തിൽ ഉറച്ചുനിൽക്കണം (1:18-20)

പൗലൊസ് തുടർന്ന് തിമൊഥെയൊസിന് നൽകുന്ന ആജ്ഞ അവൻ ദൈവവചനസത്യങ്ങളിൽ ഉറപ്പുള്ളവനാകണം എന്നാണ്. കർത്താവിന്റെ വിളി ലഭിച്ചവർ അവന്റെ വചനത്തോട് വിശ്വസ്തത പുലർത്തുന്നവർ ആകണം. അതിനെ ഒരു യുദ്ധസേവയോട് ഉപമിച്ചിരിക്കുന്നു. നല്ല മനഃസാക്ഷി ദൈവവചനത്തോട് പുലർത്തുന്നവർക്ക് മാത്രമേ അതിന്റെ ഉത്തമസാക്ഷികൾ ആകുവാൻ കഴിയുകയുള്ളൂ. ഇത് വചനാനുസരണമായ ജീവിതത്തെ കാണിക്കുന്നു. പ്രസംഗം മാത്രം പോരാ എന്ന് സാരം. പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം അതിന് പ്രാപിക്കണം (1 യോഹ. 1:9). അനുതപിക്കാത്ത ആത്മിക ജീവിതം വിശ്വാസത്യാഗത്തിലേക്ക് നയിക്കും. വിശ്വാസക്കപ്പൽ തകർന്നുപോകുമെന്നതിന്റെ അർത്ഥം അതാണ്. അതിന് ദൃഷ്ടാന്തമായി ഹുമനയൊസിനെയും അലെക്സന്തരെയും ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവർ മുഖാന്തരം ദൈവനാമം ദുഷിക്കപ്പെടാതിരിക്കുവാൻ സാത്താനെ ഏല്പിച്ചിരുന്നു. അതായത് അവർ സഭയുടെ അച്ചടക്കനടപടിക്ക് വിധേയരായി. അവർ അനുതപിച്ച് വിശ്വാസസത്യങ്ങളിലേക്ക് മടങ്ങിവരണം എന്നുള്ളതായിരുന്നു അതിന്റെ ഉദ്ദേശം (1 കൊരി. 5:3-5; മത്താ. 18:15). ഈ അദ്ധ്യായത്തിൽ ഉപദേശശുദ്ധി, സുവിശേഷത്തിന്റെ ശക്തി, വിശ്വാസത്തിന്റെ സ്ഥിരത എന്നീ വിഷയങ്ങൾ അപ്പൊസ്തലൻ തിമൊഥെയൊസിനെ പ്രബോധിപ്പിക്കുന്നു. മാതൃകാശുശ്രൂഷകൻ ഇവയുടെ പ്രാധാന്യം അറിഞ്ഞ് അനുസരിക്കുന്നവൻ ആകണം.

## അദ്ധ്യായം 2

### പ്രാർത്ഥനയുടെ പ്രാധാന്യം (2:1-7)

പൗലൊസ് ഈ ലേഖനം എഴുതിയതിന്റെ ഉദ്ദേശം നാം 3:15-ാം വാക്യത്തിൽ കാണുന്നു. ദൈവസഭയിൽ ഉചിതമായും ക്രമമായും നടക്കേണ്ട കാര്യങ്ങളെക്കുറിച്ച് തിമൊഥെയൊസിനെ ബോധവാനാക്കുക എന്നുള്ളതായിരുന്നു ലേഖന ഉദ്ദേശം. ഒന്നാമതായി അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നത് പ്രാർത്ഥനയുടെ പ്രാധാന്യം ആകുന്നു. ആദിമസഭ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരുന്നു (പ്രവൃ. 6:4). വചനശുശ്രൂഷ ഫലകരമാകുവാൻ പ്രാർത്ഥനയുടെ പിൻബലം ഒഴിച്ചുകൂടാത്തതാകുന്നു. ഇന്ന് സഭയിൽ തുലോം കുറഞ്ഞിരിക്കുന്ന ആത്മിക ശുശ്രൂഷ പ്രാർത്ഥനയാകുന്നു. നമ്മുടെ പ്രാർത്ഥന മനുഷ്യരെ പ്രീതിപ്പെടുത്തുന്ന മതകർമ്മമായി മാറരുത്. പ്രാർത്ഥന നമുക്ക് ദൈവത്തിലുള്ള ആശ്രയത്തെയും സംസർഗ്ഗത്തെയും കാണിക്കുന്നു. നാം ജീവനുള്ള ദൈവത്തോട് പ്രാർത്ഥിക്കുന്നവർ ആകണം. അവൻ നമ്മുടെ പ്രാർത്ഥന കേട്ട് ഉത്തരം നൽകുവാൻ മനസ്സും ശക്തിയും ഉള്ളവനാണ്. പ്രാർത്ഥനയിൽ നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് അപേക്ഷിക്കുന്നു. എല്ലാ ആവശ്യങ്ങളും അറിഞ്ഞ് ഉത്തരം നൽകുന്നവനാണ് നമ്മുടെ കർത്താവ്. പ്രാർത്ഥനയിലുള്ള മൂന്നാമത്തെ ഘടകം മറ്റുള്ളവർക്കുവേണ്ടി പക്ഷവാദം ചെയ്യുക എന്നുള്ളതാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ആത്മഭാരത്തോടുകൂടെ ദൈവത്തോട് അപേക്ഷിക്കുന്നതാകുന്നു അത്. നാലാമതായി നാം സ്തോത്രത്തോടുകൂടെ പ്രാർത്ഥിക്കണം. അത് കർത്താവിനോടുള്ള നന്ദിയും വിശ്വാസവും വ്യക്തമാക്കുന്ന പ്രവൃത്തിയാകുന്നു. നാം എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നവർ ആകണം. വിശേഷാൽ അധികാരസ്ഥന്മാർക്കുവേണ്ടി നാം പ്രാർത്ഥിക്കണം. അവർ ദൈവത്താൽ ആക്കിവെക്കപ്പെട്ടവരാണ് (റോമർ 13:1). നാം സഭാമൂപ്പന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരാണോ? പ്രാർത്ഥിക്കുന്ന സഭകൾ ശക്തിയുള്ള സഭകൾ ആയിരിക്കും.

നാം പ്രാർത്ഥിക്കുവാൻ കല്പന ലഭിച്ചവരാണ്. കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും പ്രാർത്ഥനാജീവിതം നമുക്ക് മാതൃകയായിരിക്കുന്നു. ദൈവം പ്രസാദിക്കുന്ന പ്രവൃത്തിയാകുന്നു പ്രാർത്ഥന. നാം വ്യക്തികളായും സഭയായും സമാധാനവും സ്വസ്ഥതയുമുള്ള ജീവിതം നയിക്കുവാൻ പ്രാർത്ഥന ആവശ്യമാകുന്നു. അന്ന് വിശ്വാസികൾ ക്രൂരനായ നീറോയുടെ വാഴ്ചയുടെ കീഴിൽ ഉപദ്രവങ്ങൾ സഹിക്കുന്നവരായിരുന്നു. പ്രാർത്ഥനമൂലം

അവർ സമാധാനവും സ്വസ്ഥതയുമുള്ളവരായി ജീവിച്ചു. ഇന്നും അത് നമുക്ക് ആവശ്യമുള്ള ആത്മിക ശുശ്രൂഷയാകുന്നു. ദൈവജനത്തിന്റെ ആത്മിക അഭിവൃദ്ധിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി നാം പ്രാർത്ഥിക്കുന്നവരാണോ? ദൈവഹിതപ്രകാരം നാം പ്രാർത്ഥിക്കുന്നത് ദൈവദൃഷ്ടിയിൽ നല്ലതും പ്രസാദകരവുമായ പ്രവൃത്തിയാകുന്നു. അങ്ങനെ നമുക്ക് ബാഹ്യമായ സ്വസ്ഥതയും ആന്തരികമായ സമാധാനവും അനുഭവിക്കുവാൻ സാധിക്കും. ദൈവം സകല മനുഷ്യരും രക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്നു (2 പത്രൊ. 3:9). രക്ഷിക്കപ്പെടുന്നത് ദൈവത്തെക്കുറിച്ചുള്ള സത്യമായ പരിജ്ഞാനം ലഭിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ആകുന്നു. ഇന്ന് അനേകരും ദൈവത്തെ പരിജ്ഞാനത്തിൽ ഗ്രഹിക്കാതെ സ്വന്ത നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീരുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാകുന്നു (റോമർ 1:21).

പ്രാർത്ഥിക്കുന്നത് ക്രിസ്തുവിന്റെ നാമത്തിലാണ്. അവന്റെ മരണപുനരുത്ഥാനം നമ്മെ പ്രാർത്ഥനയ്ക്ക് പ്രാപ്തരാക്കുന്നു. ദൈവം ഏകനാകുന്നു. അതുകൊണ്ട് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവനാകുന്നു. ആ മദ്ധ്യസ്ഥൻ മനുഷ്യന്റെ പാപങ്ങളുടെ മറുവിലയായ ക്രിസ്തു മാത്രമാകുന്നു. അവൻ മാത്രം ദൈവമനുഷ്യൻ ആകുന്നു. അവനു മാത്രമേ ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്തു പാപത്തിന് പരിഹാരമായി മരിച്ചു എന്നുള്ളതാണ് സുവിശേഷത്തിന്റെ ദൂത്. സകല മനുഷ്യരെയും രക്ഷിക്കുവാൻ മതിയായതാണ് ക്രിസ്തുവിന്റെ മരണം. എന്നാൽ അത് വിശ്വസിച്ചവർക്ക് മാത്രമേ ആ രക്ഷ അനുഭവിക്കുവാൻ കഴിയുകയുള്ളൂ. അത് അറിയിക്കുവാൻ നിയോഗം ലഭിച്ചവനായിരുന്നു അപ്പൊസ്തലൻ. നമുക്കും ആ നിയോഗം ലഭിച്ചിരിക്കുന്നു (മർക്കൊ. 16:15). നാം അത് അനുസരിക്കുന്നവരാണോ? കർത്താവ് നമ്മെ സഹായിക്കട്ടെ.

### സഭയിൽ പ്രാർത്ഥിക്കേണ്ട മാതൃക (2:8-15)

സഭയുടെ വളർച്ചയ്ക്ക് പ്രാർത്ഥന ഒഴിച്ചുകൂടാത്ത ഘടകം ആകുന്നു. 8-ാം വാക്യത്തിൽ പ്രാർത്ഥിക്കേണ്ട വിധം വ്യക്തമാക്കിയിരിക്കുന്നു. കൊരിന്തുസഭയിൽ സ്ത്രീകളും പുരുഷന്മാരും പ്രാർത്ഥിച്ചിരുന്നു (1 കൊരി. 11:4,5). സഭാകൂടിവരവുകളിൽ പുരുഷന്മാർ പ്രാർത്ഥിക്കണം എന്ന് ഇവിടെ സൂചിപ്പിക്കുന്നു. സഭയിൽ വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് പ്രാധാന്യം ഇല്ല. സഭയെ പ്രതിനിധീകരിച്ചുകൊണ്ട് പുരുഷന്മാർ പ്രാർത്ഥിക്കണം. അവർ ശ്രദ്ധിക്കേണ്ട മൂന്നു കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. കോപവും വാഗ്വാദവും വിട്ടുകളഞ്ഞ് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം. കോപവും വാഗ്വാദവുംകൊണ്ടുള്ള ആശയം മറ്റുള്ളവരോട് കോപിച്ച് വിദ്വേഷമനോഭാവമുള്ളവരാകുക എന്നാണ്. അത് ഫലകരമായ പ്രാർത്ഥനയ്ക്ക് തടസ്സമാകുന്നു. വിശുദ്ധ കൈകളെ ഉയർത്തുക എന്നതിന്റെ അർത്ഥം പാപങ്ങൾ ഏറ്റുപറഞ്ഞ അവസ്ഥയിൽ പ്രാർത്ഥിക്കണം എന്നാണ്. ജീവിത വിശുദ്ധിയുള്ളവരായി പ്രാർത്ഥിക്കണം എന്ന് സാരം (യെശ. 59:1,2; സങ്കീ. 66:18; 24:4). വാഗ്വാദവും സംശയങ്ങളും ഉപേക്ഷിച്ച് വിശ്വാസത്തോടുകൂടെ നാം പ്രാർത്ഥിക്കുന്നവർ ആകണം (മത്താ. 21:22). കൂട്ടുവിശ്വാസികളോടും ദൈവത്തോടും സജീവബന്ധമുള്ളവരായി പ്രാർത്ഥിക്കണം. ഇന്ന് സഭകളിൽ കാണുന്ന ഭിന്നതകൾക്കും ആത്മിക അവശതകൾക്കുമുള്ള മുഖ്യകാരണം പ്രാർത്ഥനയുടെ കുറവാകുന്നു. കർത്താവ് നമ്മെ സഹായിക്കട്ടെ.

സഭയിൽ സ്ത്രീകൾ പുരുഷന്മാർക്ക് തുല്യം പ്രാധാന്യം ഉള്ളവരാണ് (ഗലാ. 3:28). എന്നാൽ ദൈവം സ്വാഭാവികമായി അവർക്ക് നൽകിയിട്ടുള്ള അതിരുകൾ ലംഘിക്കുന്നവർ ആകരുത്. അവർ സഭയിൽ വരുമ്പോൾ യോഗ്യമായ വിധം വസ്ത്രം ധരിക്കുന്നവർ ആകണം. അവർ വിനയം ഉള്ളവരായിരിക്കണം. അവർ ദൈവഭക്തിയുള്ളവരും സൽപ്രവൃത്തികൾ ചെയ്യുന്നവരും ആകുമ്പോൾ അവിശ്വാസികളായ ഭർത്താക്കന്മാർ ക്രിസ്തുവിങ്കലേക്ക് ആകർ ഷിക്കപ്പെടും (1 പത്രൊ. 3:1,2). ബാഹ്യമായ അലങ്കാരങ്ങൾക്ക് പ്രാധാന്യം നൽകാതെ ആത്മിക വർദ്ധനവിന് ഉതകുന്ന ജീവിതശൈലി സ്വീകരിക്കുമ്പോൾ സ്ത്രീകൾ സഭയിലും ഭവനത്തിലും പ്രശംസിക്കപ്പെടും (സദൃ. 31:28).

സ്ത്രീകൾ സഭയിൽ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടുകൂടെ പഠിക്കട്ടെ എന്ന് അപ്പൊസ്തലൻ ഉപദേശിക്കുന്നു. ഇത് തന്റെ അഭിപ്രായമല്ല പ്രത്യുത ദൈവനിശ്വസ്തമായ അരുളപ്പാടാകുന്നു (2 പത്രൊ. 1:21). സഭയിൽ സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യം എങ്ങനെ ഉപയോഗിക്കണം എന്നത്രെ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. കൊരിന്തുസഭയിൽ സ്ത്രീകൾ ഭർത്താക്കന്മാരോടും മറ്റും ചോദ്യങ്ങൾ ചോദിച്ച് യോഗങ്ങൾ അലക്ഷ്യമാക്കുന്ന പരിചയം ഉണ്ടായിരുന്നു (1 കൊരി. 14:34,35). അങ്ങനെ സംഭവിക്കുവാൻ അപ്പൊസ്തലൻ അനുവദിക്കുന്നില്ല. അവർക്ക് പുരുഷന്മാരുടെമേൽ ഉപദേശിക്കുവാൻ അധികാരം ദൈവം നൽകിയിട്ടില്ല. അതിനുള്ള കാരണവും തുടർന്ന് നൽകിയിരിക്കുന്നു. സൃഷ്ടിയിൽ ആദ്യം സൃഷ്ടിക്കപ്പെട്ടത് ആദാം ആണ്. പിന്നെ ഹവ്വാ സൃഷ്ടിക്കപ്പെട്ടു. അതുകൊണ്ടുള്ള ആശയം പുരുഷന്മാർ സ്ത്രീകളെക്കാൾ ഉയർന്നവരല്ല പ്രത്യുത ക്രമത്തിലും ഉത്തരവാദിത്വത്തിലും മുമ്പിലാകുന്നു എന്നത്രെ. രണ്ടാമത്തെ കാരണം ഹവ്വയാണ് സാത്താനാൽ വഞ്ചിക്കപ്പെട്ടത്. ആദാം മനഃപൂർവ്വം പാപംചെയ്യുകയായിരുന്നു. സ്ത്രീ പാപത്തിന്റെ ചതിയിൽ വീണു. ഇന്നും ദുരുപദേഷ്ടാക്കന്മാർ സ്ത്രീകളെ അവരുടെ ഉപദേശവുമായി സമീപിക്കുന്ന പ്രവണത എവിടെയും കാണാം (2 തിമൊ. 3:6,7). അതുകൊണ്ട് സഭയിലും ഭവനത്തിലും പുരുഷന്മാർ സ്നേഹത്തിന്റെ ആത്മാവിൽ നേതൃത്വം നൽകുന്നവർ ആകണം.

15-ാം വാക്യത്തിൽ സ്ത്രീകൾക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു. അവർ വിശ്വാസവും സ്നേഹവും വിശുദ്ധിയുമുള്ളവരായി സുബോധത്തോടെ ജീവിക്കുമ്പോൾ മറ്റുള്ളവർക്ക് അനുഗ്രഹമായി തീരും. അവരുടെ ശുശ്രൂഷ മുഖ്യമായും ഭവനത്തിലാകുന്നു (1 തിമൊ. 5:14). അവർ സ്വന്ത ഭർത്താക്കന്മാർക്കും

കുഞ്ഞുങ്ങൾക്കും ആത്മിക വർദ്ധന വിനു കാരണമായി തീരണം. ദൈവദാസന്മാരെ ഭവനത്തിൽ ശുശ്രൂഷിച്ച സ്ത്രീകളെക്കുറിച്ച് നാം കാണുന്നുണ്ട് (റോമർ 16:1,2). പ്രായമുള്ള സഹോദരി മാർ യുവാക്കളായ സഹോദരി മാർക്ക് മാതൃകയുള്ളവരും അവരെ വചനം അഭ്യസിപ്പിക്കുന്നവരും ആകണം. മക്കൾ കർത്താവിങ്കലേക്ക് ആകർഷി ക്കപ്പെടുവാൻ അമ്മമാർക്കുള്ള പങ്ക് വളരെയാണ്. സഹോദരിമാർ അതിഥിസൽക്കാരത്തിൽ തൽപരരായിരിക്കണം (എബ്രാ. 13:1). അവർ ദൈവസഭയ്ക്ക് അലങ്കാരവും അഭിമാനവുമാണെന്നുള്ളതിനു സംശയമില്ല. അവരെ ബഹു മാനിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്ന സഭകൾ അനുഗ്രഹിക്കപ്പെടും.

## അദ്ധ്യായം 3

### അദ്ധ്യക്ഷന്മാരുടെ യോഗ്യതകൾ (3:1–7)

ദൈവസഭ ഒരു ജീവൽസ്ഥാപനമാണെങ്കിലും അതിന് സംഘടനാസ്വഭാവം ഉണ്ട്. സഭയിൽ എല്ലാം ഉചിത മായും ക്രമമായും നടക്കുവാൻ ദൈവം നിയോഗിച്ചിട്ടുള്ളവരാണ് അദ്ധ്യക്ഷന്മാർ. ഇടയന്മാർ, മൂപ്പന്മാർ എന്നീ പേരുകളിലും അവർ അറിയപ്പെടുന്നു (പ്രവൃ. 14:23; ഫിലി. 1:1; തീത്തൊ. 1:5). ഓരോ സഭയിലും ഒന്നിലധികം മൂപ്പ ന്മാർ ദൈവത്താൽ നിയോഗിക്കപ്പെട്ടി രുന്നു (പ്രവൃ. 14:23). സഭയുടെ ആരംഭഘട്ടത്തിൽ അവർ അപ്പൊസ്തല ന്മാരാൽ ആക്കിവെക്കപ്പെട്ടിരുന്നു. ഇന്ന് ആ പരിചയം തുടരുന്നില്ല. സഭയിൽ പരിശുദ്ധാത്മാവ് കൃപാവരങ്ങൾ നൽകി പ്രയോജനമുള്ളവരാക്കയും ആത്മിക യോഗ്യതകൾ ഉള്ളവരുമായ സഹോദരന്മാരെ സഭാമൂപ്പന്മാരായി അംഗീകരിക്കുന്നു. അവരെ പരിശുദ്ധാത്മാവാണ് നിയോഗിച്ചിരിക്കുന്നത് (പ്രവൃ. 20:28). അവർ അദ്ധ്യക്ഷ ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹമുള്ളവരായിരിക്കണം (1 തിമൊ. 3:1). അവർ അദ്ധ്യക്ഷന്മാർക്കുള്ള യോഗ്യതയും പ്രദർശിപ്പിക്കണം (1 തിമൊ. 3:1–7). അത് മനസ്സിലാക്കി അവരെ അംഗീകരിക്കുവാനുള്ള കടമയും സഭയ്ക്കുണ്ടാകണം (1 തെസ്സ. 5:12,13).

മൂപ്പന്മാർ, അദ്ധ്യക്ഷന്മാർ, ഇടയന്മാർ എന്നീ പേരുകൾ പരസ്പരം (Interchangeably) ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. മൂപ്പന്മാർ ആത്മിക പക്വത വന്നവരും ആത്മാക്കൾക്കുവേണ്ടി ജാഗരിക്കുന്നവരുമാണ്. ദൈവജനത്തെ പരിപാലിച്ച് സൂക്ഷിക്കുന്ന ഉത്തരവാദിത്വം സന്തോഷത്തോടെ ചെയ്യുവാൻ മനസ്സുള്ളവരായിരിക്കണം (എബ്രാ. 13:17).

ഇടയന്മാർ ദൈവജനത്തിന് ആത്മിക പരിപോഷണം നൽകുന്നവരാണ്. കർത്താവിനോടുള്ള സ്നേഹവും ഭക്തിയും നിറഞ്ഞ ജീവിതം അവർ നയിക്കണം. അങ്ങനെ മാതൃകയുള്ളവരായി വചനം ശുശ്രൂഷിക്കുന്നവരും വിശ്വാസികളെ പ്രബോധിപ്പിക്കുന്നവരും ആകണം (എഫെ. 4:11).

അദ്ധ്യക്ഷന്മാർ സഭയ്ക്ക് ആത്മിക നേതൃത്വം നൽകി ദൈവത്തിന്റെ ഗൃഹവിചാരകന്മാരായി സഭയിൽ ശുശ്രൂ ഷിക്കണം (തീത്തൊ. 1:7). അവരുടെ ശുശ്രൂഷ സഭയുടെ ആത്മിക വർദ്ധനവിന് ഉതകണം. ദൈവജനത്തെ പരി പാലിക്കുക, സംരക്ഷിക്കുക, പോഷിപ്പിക്കുക, നയിക്കുക എന്നീ ശുശ്രൂഷകളിൽ മൂപ്പന്മാർ അദ്ധ്വാനിക്കുന്നവരും ഉത്സാഹമുള്ളവരും ആയിരിക്കണം (എബ്രാ.13:17; 1 തിമൊ. 5:17; 1 തെസ്സ. 5:12; 1 പത്രൊ. 5:1–4).

### യോഗ്യതകൾ

മൂപ്പന്മാർ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ്. എന്നാൽ അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ ചൂണ്ടി ക്കാണിച്ചിരിക്കുന്നത് അവരെ മനസ്സിലാക്കി അംഗീകരിക്കേണ്ടതിനാകുന്നു. 25ഓളം യോഗ്യതകൾ അവർക്കുണ്ടാ യിരിക്കണം എന്നു കാണാം (1 തിമൊ. 3:1–7; തീത്തൊ. 1:5–9; 1 പത്രൊ. 5:1–4). ഈ യോഗ്യതകളെ വ്യക്തിപരമായ, സഭാപരമായ, കുടുംബപരമായ യോഗ്യതകൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. എല്ലാ യോഗ്യതകളും തികഞ്ഞ ഒരു ഇടയനും മനുഷ്യരുടെ മദ്ധ്യത്തിൽ ഇല്ല. അത് നമ്മുടെ കർത്താവ് മാത്രമാകുന്നു (എബ്രാ. 13:20). എന്നാൽ സഭാമൂപ്പന്മാർ ഈ യോഗ്യത കൾ ഉള്ളവരാകണം എന്ന് ദൈവം കല്പിച്ചിരിക്കുന്നതിനാൽ ഈ പദവിയുടെ പ്രാധാ ന്യവും ഉത്തരവാദിത്വവും വ്യക്തമാക്കിയിരിക്കുന്നു. മൂപ്പൻ കുറ്റമില്ലാത്തവൻ ആയിരിക്കണം. അതുകൊണ്ട് അവൻ പാപരഹിതൻ ആയിരിക്കണം എന്ന് അർത്ഥമില്ല. അവൻ പരസ്യമായി ജനങ്ങളാൽ കുറ്റപ്പെടുത്തുവാൻ മാതൃകയി ല്ലാത്ത ജീവിതം വ്യക്തിപരമായും കുടുംബമായും സഭയായും നയിക്കുന്നവൻ ആകരുത് എന്ന് സാരം. ദൈവ നാമം അങ്ങനെ ദുഷിക്കപ്പെടുവാൻ ഇടയാകരുത്. കുറവുകൾ മനസ്സിലാക്കി അനുതപിച്ച് കർത്താവ് നൽകിയ ശുശ്രൂഷയിൽ തുടരുവാൻ അവർക്ക് വലിയ ഉത്തരവാദിത്വം ഉണ്ട്. ഒരു പിതാവ് കുടുംബത്തെ പരിപാലിക്കുന്നതു പോലെ ദൈവസഭയെ സ്നേഹ ത്തിലും സഹിഷ്ണുതയിലും പരിപാലിക്കുന്ന ശുശ്രൂഷയാകുന്നു ഇത്. അല്ലാതെ സ്ഥാനവും അധികാരവും ഉപയോഗിക്കുവാനുള്ള പദവിയല്ല (1 പത്രൊ. 5:1–4).

ഏകഭാര്യയുടെ ഭർത്താവായിരിക്കണം. മൂപ്പൻ പുരുഷനായിരിക്കണം എന്ന് സാരം. വിവാഹമോചനം നേടി യവൻ മൂപ്പനാകുവാൻ യോഗ്യതയുള്ളവനല്ല. കുടുംബജീവിതം നയിക്കുന്നതുമൂലം പരിപാലനത്തെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു. ബഹുഭാര്യത്വം അനുവദിക്കുന്നില്ല.

നിർമ്മദൻ അഥവാ ആത്മനിയന്ത്രണം ഉള്ളവനായിരിക്കണം (2 തിമൊ. 4:5). ജിതേന്ദ്രിയൻ അഥവാ ഉത്തര വാദിത്വങ്ങളെക്കുറിച്ച് ബോധമുള്ളവനാകണം. സുശീലൻ അഥവാ ചിട്ടയുള്ള ജീവിതം നയിക്കുന്നവൻ. അതിഥി

പ്രിയൻ അഥവാ അന്യരെ ദൈവനാമത്തിൽ സൽക്കരിക്കുന്നവൻ. ഉപദേശിക്കുവാൻ മനസ്സുള്ളവനായിരിക്കണം. മദ്യപ്രിയൻ ആകരുത്. ശാരീരിക ആക്രമണത്തിനു മുതിരാത്തവൻ ആയിരിക്കണം. കർത്തൃശുശ്രൂഷയെ പണസമ്പാദനമാർഗ്ഗമാക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും ആയിരിക്കണം. ശാന്തസ്വഭാവമുള്ളവൻ. വഴക്ക് ക്ഷണിച്ചുകൊണ്ടുവരാത്തവനും ഒഴിഞ്ഞിരിക്കുന്നവനും കുടുംബത്തെ സ്നേഹത്തോടും സഹിഷ്ണുതയോടും പരിപാലിക്കുന്നവൻ. കുഞ്ഞുങ്ങളെ അനുസരണത്തിൽ വളർത്തുന്നവൻ. അവർ പ്രായപൂർത്തി വന്ന് ഭവനത്തിൽനിന്നു വിട്ടുപോകുമ്പോൾ ഇത് ബാധകമല്ല. സ്വന്ത കുടുംബത്തെ നന്നായി ഭരിക്കാത്തവർ മൂപ്പന്മാർ ആകുവാൻ യോഗ്യരല്ല. ആത്മിക പക്വത വരാത്തവരും അതിന് യോഗ്യരല്ല. അവർ നിഗളിച്ച് പിശാ ചിന്റെ കെണിയിൽ വീഴാതിരിപ്പാൻ നല്ല സാക്ഷ്യം ഉള്ളവരായിരിക്കണം. ഇന്ന് സഭാമൂപ്പന്മാരാകുന്നവർ ഈ യോഗ്യതകൾക്ക് പ്രാധാന്യം നൽകാതെ വിദ്യാ ഭ്യാസം, കുടുംബബലം, സാമ്പത്തികം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാകുന്നു. തൽഫലമായി സഭകൾക്ക് ആത്മിക വർദ്ധനവ് ഉണ്ടാകുന്നില്ല. ഇതിൽനിന്നും ഒരു ഉദ്ധാരണം ഉണ്ടാകുവാൻ, ദൈവവചനം അനുസരിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

## ശുശ്രൂഷകന്മാരുടെ യോഗ്യതകൾ (3:8-13)

പ്രാദേശിക സഭകൾക്ക് ശുശ്രൂഷകന്മാർ (Deacons) ഉണ്ടായിരിക്കേണ്ടതാണ്. അവർ സഭയുടെ ഭൗതികാവശ്യങ്ങൾ നോക്കുന്ന ശുശ്രൂഷ ചെയ്യുന്നു. അപ്പൊസ്തല പ്രവൃത്തികൾ 6-ാം അദ്ധ്യായത്തിൽ അവരെ നിയമിച്ചിരുന്നതായി കാണുന്നു (6:1-3). അപ്പൊസ്തലന്മാർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരുന്നു. ഇന്ന് സഭയുടെ മൂപ്പന്മാരുടെ ഉത്തരവാദിത്വം സഭയുടെ ആത്മിക ക്ഷേമം അന്വേഷിക്കുകയാണ്. സഭകളിൽ ശുശ്രൂഷകന്മാർ മറ്റു കാര്യങ്ങൾ നോക്കുന്നവർ ആകണം. അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ശുശ്രൂഷകന്മാർ ഘനശാലികൾ ആയിരിക്കണം. അവരുടെ ഉത്തരവാദിത്വ ങ്ങൾ ഗൗരവമായി എടുക്കുന്നവരാകണം എന്ന് സാരം. അവർ ഇരുവാക്കുകാർ ആകരുത്. വാവിഷ്ഠാണക്കാർ ആകരുത്. മദ്യപന്മാർ ശുശ്രൂഷകന്മാരാകുവാൻ യോഗ്യരല്ല. അവർ ദുർല്ലാഭമോഹികൾ ആകരുത്. സഭയുടെ സാമ്പത്തിക കാര്യങ്ങൾ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുന്നവരായിരിക്കണം. അവർ ദൈവവചനസത്യങ്ങൾ അറിഞ്ഞവരും അനുസരിക്കുന്നവരുമായ ആത്മീയന്മാർ ആയിരിക്കണം. സഭയോടുള്ള ബന്ധത്തിൽ എടുക്കുന്ന തീരുമാനങ്ങൾ വചനാനുസരണമുള്ളതായിരിക്കണം. അങ്ങനെ ശുദ്ധമനസ്സാക്ഷിയുള്ളവർ മാത്രമേ ശുശ്രൂഷകന്മാരാകാവൂ. അവർ നല്ല സാക്ഷ്യം ഉള്ളവരായിരിക്കണം. സഭയ്ക്ക് അകത്തും പുറത്തും ഈ സാക്ഷ്യം ലഭിച്ചവരായിരിക്കണം. പരീക്ഷിച്ച് അനിന്ദ്യരായി കണ്ടവർ ശുശ്രൂഷകന്മാർ ആകണം. അവർ സാക്ഷ്യമുള്ള കുടുംബജീവിതം നയിക്കുന്നവർ ആയിരിക്കണം. ഭാര്യമാർ രക്ഷിക്കപ്പെട്ടവരും പരദൂഷണം പറയാത്തവരും ആകണം. അന്ന് സഭകളിൽ ശുശ്രൂഷക്കാരത്തികൾ ഉണ്ടായിരുന്നു (റോമർ 16:1). അവർ ഘനശാലികളും ഏഷണി പറയാത്തവരും വിശ്വസ്തരുമായിരിക്കണം എന്ന് കല്പിച്ചിരിക്കുന്നു. ശുശ്രൂഷകന്മാർ വിശ്വസ്തരായ ഭർത്താക്കന്മാരും കുടുംബത്തെ പരിപാലിക്കുന്നവരും ആയിരിക്കണം. അവർക്ക് മാത്രമേ ശുശ്രൂഷകളിൽ പ്രാഗത്ഭ്യമുള്ളവരാകുവാൻ കഴിയുകയുള്ളൂ. സഭയിലുള്ള മൂപ്പന്മാരും ശുശ്രൂഷകന്മാരും പുറത്തുനിന്നും വന്നവർ ആയിരിക്കരുത്. പരിശുദ്ധാത്മാവ് അതാത് സഭ കളിൽ നിയമിക്കുന്നവരാണ് അവർ. അതിന് ദൈവം പ്രസാദിക്കുമാറാകട്ടെ.

## ഉപദേശത്തിന്റെ ഉദ്ദേശം (3:14-16)

തിമൊഥെയൊസ് എഫെസൊസ് സഭയിലെ ശുശ്രൂഷകനായിരുന്നു. ഒരു പാസ്റ്റർ അഥവാ മൂപ്പനുള്ള ഉത്തരവാദിത്വങ്ങളും യോഗ്യതകളും അപ്പൊസ്തലൻ ചൂണ്ടിക്കാണിച്ചശേഷം സഭ എന്താകുന്നു എന്ന് വിശദീകരിക്കുന്നു. ഇത് ദൈവത്തിന്റെ സഭയാണ്. ക്രിസ്തുവിന്റെ രക്തംമൂലം അതിനെ സമ്പാദിച്ചിരിക്കുന്നു (പ്രവൃ. 20:28). ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നു (1 കൊരി. 3:11). ക്രിസ്തുവിനെ പ്രസാദിപ്പിക്കുവാനും പ്രദർശിപ്പിക്കുവാനും സഭ ആക്കിവെക്കപ്പെട്ടിരിക്കുന്നു (ഫിലി. 2:15). ക്രിസ്തുവിന്റെ ഉപദേശത്തിനു സാക്ഷ്യം വഹിക്കുവാനുള്ള നിയോഗമാണ് സഭയ്ക്കുള്ളത്. അത് ദൈവഭക്തിയുടെ മർമ്മമാണ്. പണ്ട് മറഞ്ഞിരുന്നതും ഇപ്പോൾ വെളിപ്പെടുത്തി കിട്ടിയതുമായ അരുളപ്പാടാണ് ഇത്. ദൈവം ജഡത്തിൽ വെളിപ്പെട്ടു (യോഹ. 1:14). ആത്മാവിന്റെ ശക്തിയാൽ ജീവിക്കുകയും ശുശ്രൂഷിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത് ദൈവപുത്രൻ എന്നു തെളിയിക്കപ്പെട്ടു (റോമർ 1:5). ദൂതന്മാർ അവനെ ശുശ്രൂഷിക്കുകയും സാക്ഷിക്കുകയും ചെയ്തു. അവന്റെ സുവിശേഷം ഭൂമിയിൽ ഒക്കെയും ഘോഷിക്കപ്പെട്ടു. കേട്ടവർ വിശ്വസിച്ച് രക്ഷിക്കപ്പെട്ടു. ആ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. ഈ ദൈവഭക്തിയുടെ മർമ്മം എല്ലാവരും സമ്മതിക്കത്തക്കവണ്ണം ശ്രേഷ്ഠമാകുന്നു. അതറിയിക്കുവാനുള്ള നിയോഗമാണ് ഇന്ന് ദൈവസഭയ്ക്കുള്ളത്. കർത്താവ് അതിന് നമ്മെ സഹായിക്കട്ടെ.

# അദ്ധ്യായം 4

## ദുരുപദേശത്തിനെതിരെയുള്ള മുന്നറിയിപ്പ് (4:1-5)

ഒന്നാം അദ്ധ്യായത്തിൽ യെഹൂദമതാനുസാരികളായ ദുരുപദേശക്കാരെ ക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ ജ്ഞാനമതക്കാരായ ദുരുപ ദേശക്കാരെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. അപ്പൊസ്തലൻ ഇവരെ

ക്കുറിച്ച് എഫെസൊസിലെ സഭയിലെ മൂപ്പന്മാരോട് സൂചിപ്പിച്ചിരുന്നു (പ്രവൃ. 20:29). അവരുടെ സ്വഭാവം ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു.

ജ്ഞാനമതക്കാർ (Gnostics) സാത്താന്റെ സ്വാധീനതയിൽ പ്രവർത്തിക്കു ന്നവരാണ്. പുറജാതികൾ അവരുടെ ദൈവങ്ങളെ പ്രസാദിപ്പിക്കുവാൻ ബലിയർപ്പിച്ചിരുന്നു. ആ ദൈവങ്ങൾക്ക് ശക്തിയുണ്ടെന്ന് വിശ്വസിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്തു. അവർ അധർമ്മമൂർത്തിയുടെ സ്വാധീനതയിൽ വെളിച്ചദൂതന്മാരായി വെളിപ്പെടുവാൻ കഴിവുള്ളവരാണ്. വിശ്വാസികൾ അവരാൽ വഞ്ചിക്കപ്പെടും. അവരുടെ ഉപദേശം കപടമാണ്. അവരെ തിരിച്ചറിയു വാൻ ക്രിസ്തുവിനെക്കുറിച്ചുള്ള അവരുടെ വിശ്വാസം അടിസ്ഥാനമായിരിക്കണം. ക്രിസ്തു ജഡത്തിൽ വെളിപ്പെട്ട ദൈവപുത്രനാകുന്നു എന്ന് അവർ വിശ്വസിക്കുന്നില്ല. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവർ കള്ളപ്രവാചകന്മാർ ആകുന്നു (1 യോഹ. 4:1-3). അവരുടെ ലക്ഷ്യം വിശ്വാസികളെ ക്രിസ്തുവിൽനിന്നും അകറ്റുക എന്നുള്ളതാണ്. ഒരിക്കലായി നമ്മെ ഭരമേല്പിച്ചിട്ടുള്ള ദൈവവചനസത്യങ്ങളിൽനിന്നും മറ്റൊരു ഉപദേശത്തിലേക്ക് പോകുന്നതാണ് വിശ്വാസത്യാഗം. അതിന് ദുരുപദേശക്കാർ വിശ്വാസികളെ പ്രേരിപ്പിക്കും. അവർ പാപികൾ രക്ഷിക്കപ്പെടുവാൻ താല്പര്യം ഉള്ളവർ അല്ല. വിശ്വാസികളെ തെറ്റിക്കുക എന്നുള്ളതാണ് അവരുടെ ലക്ഷ്യം. അതിനായി അവർ ഭവനങ്ങൾ കേറിയിറങ്ങുന്നു.

ദുരുപദേഷ്ടാക്കന്മാർ മനസ്സാക്ഷി തഴമ്പിച്ചവരാണ്. അവരുടെ ഉപദേശവും ജീവിതവുമായി യാതൊരു ബന്ധവുമില്ല. അതാണ് കപടഭക്തി. വേഷഭക്തി മനസ്സാക്ഷിയെ നിർജ്ജീവമാക്കും. അവർ പാപപരിചയം നീതീകരിക്കുവാൻ ഉപദേശങ്ങൾ കൂട്ടിക്കുഴയ്ക്കുന്നവരാണ്. അവർ വിവാഹം വില ക്കുന്നു. അവിവാഹിതരാകുന്നത് ഭക്തിക്ക് ആവശ്യമെന്ന് പഠിപ്പിക്കുന്നു. ദൈവം സ്ഥാപിച്ചതും നല്ലതെന്ന് കണ്ടതുമാണ് വിവാഹം (ഉല്പ. 2:18). "വിവാഹം എല്ലാവർക്കും മാന്യം" എന്ന് ബൈബിൾ പ്രസ്താവിക്കുന്നു (എബ്രാ.13:4). എന്നാൽ അവിവാഹിതരായി കഴിയുവാൻ വരം ലഭിച്ചവരെ വിലക്കുന്നതുമില്ല. കൂടാതെ ഭക്ഷണസാധനങ്ങൾ വിലക്കുന്നവരാണ് ദുരുപദേഷ്ടാക്കന്മാർ. സകലവും സൃഷ്ടിച്ച ദൈവം നല്ലതെന്നു കണ്ടു എന്നത്രെ നാം കാണുന്നത്. ഭക്ഷണസാധനങ്ങൾ വർജ്ജിക്കുന്നത് ആരെയും ഭക്തിയുള്ളവരാക്കുകയില്ല. സ്തോത്രത്തോടെ ഭക്ഷിക്കുവാൻ ദൈവം ഇതൊക്കെയും നൽകിയിരിക്കുന്നു (1 കൊരി. 10:31). ദൈവം ശുദ്ധീകരിച്ചതിനെ മലിനം എന്ന് നാം കരുതരുത്. എന്നാൽ സഹോദരന് ഇടർച്ച വരുത്തുന്ന കാര്യങ്ങൾ ഒഴിഞ്ഞിരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു (റോമർ 14:14,15). ജ്ഞാനമതത്തിന്റെ വഞ്ചനയിൽ അകപ്പെടാതിരിപ്പാൻ ദുരുപദേഷ്ടാക്കന്മാരിൽ വ്യാപരിക്കുന്ന വ്യാജാത്മാക്കളെ വിവേചിക്കുവാൻ ദൈവജനത്തിന് ബുദ്ധിയുപദേശം നൽകിയിരിക്കുന്നു.

## വചനം ശുശ്രൂഷിക്കുന്നവരുടെ ഉത്തരവാദിത്വം (4:6-16)

ക്രിസ്തുവിന്റെ നല്ല ശുശ്രൂഷകനാകുവാൻ അപ്പൊസ്തലൻ തിമൊഥെയൊസിനെ പ്രബോധിപ്പിക്കുന്നു. ദൈവദാസന്മാർ പ്രാർത്ഥനയ്ക്കും വചനപഠനത്തിനും പ്രഥമസ്ഥാനം നൽകണം. വചനം പഠിക്കുന്നവർക്കു മാത്രമേ ദൈവിക ആലോചനകൾ മുഴുവനായി അറിയിക്കുവാൻ കഴിയുകയുള്ളൂ (പ്രവൃ. 20:27). ദുരുപദേശങ്ങളെക്കുറിച്ച് ദൈവജനത്തെ ബോധവാന്മാരാക്കുവാനുള്ള ഉത്തരവാദിത്വം ദൈവദാസന്മാർക്കുണ്ട്. എന്നാൽ സദുപദേശം ഉപദേശിക്കുമ്പോൾ വിശ്വാസികളിൽ ആത്മികവർദ്ധനവ് ഉണ്ടാകുന്നു. ദൈവദാസന്മാർ ദൈവവചനം നിരന്തരം ധ്യാനിക്കുന്നവർ ആയിരിക്കണം. അത് വിശുദ്ധ ജീവിതത്തിനും ഫലകരമായ ശുശ്രൂഷയ്ക്കും ഒഴിച്ചുകൂടാത്തതാകുന്നു. കർണ്ണരസമാകുമാറ് പാരമ്പര്യങ്ങളും കെട്ടുകഥകളും പറയുന്നത് ആരെയും ഭക്തിയുള്ളവരാക്കയില്ല. ദൈവദാസന്മാർ അത് ഒഴിഞ്ഞിരിക്കണം.

ദൈവദാസന്മാർ ശാരീരിക അഭ്യാസത്തിലും ആത്മിക വിഷയങ്ങളിലും ശിക്ഷണബോധമുള്ളവരായിരിക്കണം. ശരീരാഭ്യാസം താൽക്കാലികമാണ്. ആത്മീയാഭ്യാസം നിത്യമായ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യും. അതിൽ ആശവെച്ച് അദ്ധ്വാനിക്കുന്നവർ ആകുവാൻ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. ആത്മീയാഭ്യാസം ചെയ്യുന്നവർക്ക് മാത്രമേ നന്മതിന്മകളെ വിവേചിക്കുവാനുള്ള കഴിവ് ലഭിക്കുകയുള്ളൂ (എബ്രാ. 5:14). പ്രാർത്ഥന, ധ്യാനം, ആരാധന, സാക്ഷ്യജീവിതം തുടങ്ങിയ ആത്മീയാഭ്യാസങ്ങളിൽ ഏർപ്പെടുമ്പോൾ നാം ആത്മീയ പക്വത പ്രാപിക്കുന്നു. ഇതിന്റെ പ്രാധാന്യം വിശ്വാസികളോട് ആജ്ഞാപിച്ച് ഉപദേശിക്കണം എന്ന് തിമൊഥെയൊസിനെ ഓർമ്മിപ്പിക്കുന്നു.

തിമൊഥെയൊസ് ഒരു യുവാവായിരുന്നു. തനിക്ക് 30നും 40നും മദ്ധ്യേ പ്രായമുണ്ടായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. എഫെസൊസിലുള്ള പ്രായമുള്ള സഹോദരന്മാർ അവന്റെ യൗവനത്തെ തുച്ഛീകരിക്കാതിരിക്കുവാൻ മാതൃകയുള്ള ജീവിതം നയിക്കുവാൻ അപ്പൊസ്തലൻ ഉദ്ബോധിപ്പിക്കുന്നു. അതിന് സത്യം സ്നേഹത്തിന്റെ ആത്മാവിൽ സംസാരിക്കണം. ജീവിതം വചനാനുസരണം ആകണം. മനുഷ്യരെ പ്രസാദിപ്പിക്കുന്നവൻ ആകരുത്. കർത്താവിനോടുള്ള സ്നേഹത്തിൽ ഉത്സാഹമുള്ളവനായി കർത്തൃസേവ ചെയ്യണം. കർത്താവിനെ വിശ്വസ്തതയോടെ സേവിക്കണം. നമ്മുടെ ഇടപാടുകളിൽ നിർമ്മല മനസ്സാക്ഷിയും ഉദ്ദേശവും ഉണ്ടായിരിക്കണം. അപ്പോൾ നാം വിശ്വാസികൾക്കും പുറത്തുള്ളവർക്കും മാതൃകയുള്ളവരായി തീരും. അതിന് മൂന്നു കാര്യങ്ങൾ ചെയ്യുവാൻ തിമൊഥെയൊസിനോട് കല്പിക്കുന്നു. ദൈവവചനം വായിക്കണം. അന്ന് എല്ലാവർക്കും എഴുതപ്പെട്ട വചനം ഉണ്ടായിരുന്നില്ല. ഇവിടെ ചൂണ്ടിക്കാണിക്കുന്നത് പരസ്യവായനയുടെ പ്രാധാന്യമാണ്. പ്രബോധിപ്പിക്കണം. കേട്ട വചനം ജീവിതത്തിൽ പ്രായോഗികമാക്കുവാൻ പ്രോത്സാഹിപ്പിക്കണം എന്ന് സാരം. ഉപദേശം പ്രസംഗിക്കണം. അനുഭവങ്ങൾ താല്ക്കാലികമാണ്. ക്രിസ്തുമാർഗ്ഗത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉപദേശങ്ങൾ ആണ്. അതിൽ

ഉറച്ചുനിൽക്കുവാൻ ദൈവജനത്തിന് ഇടയാകണം. മൂപ്പൻ ഉപദേശിപ്പാൻ കഴിവും ആഗ്രഹവും ഉള്ളവൻ ആയിരിക്കണം (3:1,2). ദുരുപദേശത്തെ എതിർക്കുവാൻ ദൈവവചനവായന, പ്രബോധനം, ഉപദേശം എന്നിവയ്ക്ക് സഭയിൽ പ്രാധാന്യം നൽകണം. അപ്പൊസ്തലൻ എഫെസൊസിൽ വരുവോളം അത് തുടർന്നുകൊണ്ടിരിക്കണം എന്ന് തിമൊഥെയൊസിനെ ഓർമ്മിപ്പിക്കുന്നു.

തിമൊഥെയൊസിനുണ്ടായിരുന്ന കൃപാവരം ഉപയോഗിച്ചുകൊണ്ടിരി ക്കണം എന്ന് ഉപദേശിക്കുന്നു. എല്ലാ ദൈവമക്കൾക്കും കൃപാവരങ്ങൾ ഉണ്ട് (1 കൊരി. 12:7-11). തിമൊഥെയൊസിനുള്ള കൃപാവരം എന്തെന്ന് പ്രവചനത്താൽ വെളിപ്പെടുത്തപ്പെട്ടിരുന്നു. അത് മൂപ്പന്മാർ അംഗീകരിക്കുകയും ചെയ്തു. അതാണ് കൈവെപ്പുകൊണ്ടുള്ള ആശയം. കൃപാവരങ്ങൾ ഉപേക്ഷ യായി കരുതരുത്. കൃപാവരം നൽകിയിട്ടുള്ളത് സഭയുടെ ആത്മിക വർദ്ധനവിന് ഉപയോഗിക്കേണ്ടതിനാണ്. വിശ്വാസികളുടെ കൃപാവരങ്ങൾ മനസ്സിലാക്കി അത് പ്രയോജനമുള്ളതാക്കുവാൻ മൂപ്പന്മാർക്ക് കഴിയണം. അപ്പോൾ സഭകൾ അനുഗ്രഹിക്കപ്പെടും. കർത്താവ് നൽകിയ കൃപാവരങ്ങളും ഉത്തരവാദിത്വങ്ങളും മനസ്സിലാക്കി അതിൽ ഉറ്റിരിക്കുവാൻ നമുക്ക് കഴിയണം (ഫിലി. 3:13). അപ്പോൾ മാത്രമേ നമുക്ക് കർത്താവിന്റെ വിശ്വസ്ത ദാസന്മാർ ആകുവാൻ കഴിയുകയുള്ളൂ. അത് ദൈവജനത്തിനും ബോധ്യമാകണം. ദൈവദാസ ന്മാർ ഉപദേശത്തിലും ജീവിതത്തിലും മറ്റുള്ളവർക്ക് മാതൃകയുള്ളവരായിരിക്കണം. അവർ ദുരുപദേഷ്ടാക്കന്മാരാൽ വഞ്ചിക്കപ്പെടാതിരിക്കുവാൻ സൂക്ഷിക്കണം. ജീവിതവിശുദ്ധിയും ഉപദേശ നിർമ്മലതയും ഒരുമിച്ച് പോകേണ്ടതാകുന്നു. കർത്താവ് വിശേഷാൽ അതിന് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 5

### പ്രായമുള്ളവരോടുള്ള ബഹുമാനം (5:1,2)

തിമൊഥെയൊസ് സഭയിലുള്ള വിശ്വാസികളോട് ഏർപ്പെടേണ്ട വിധം ഈ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. സഭ വീണ്ടെടുക്കപ്പെട്ട ദൈവമക്കളുടെ സമൂഹം ആണ്. അത് ഒരു കുടുംബബന്ധമാകുന്നു. കുടുംബത്തിൽ എല്ലാവരും സ്നേഹത്തോടും ബഹുമാനത്തോടും ഏർപ്പെടുന്നു. സഭയിൽ പ്രായമുള്ളവരെ ബഹുമാനിക്കണം. അവരെ ക്രൂരമായി ശകാരിക്കാതെ സ്നേഹത്തിൽ സത്യം അറിയിക്കയത്രെ വേണ്ടത്. ഇളയവരെ ആത്മീയ സഹോദരന്മാരായി കരുതണം. സ്ത്രീകളോട് ബന്ധപ്പെടുമ്പോൾ ദൈവദാസന്മാർ പ്രത്യേകം ശ്രദ്ധിക്കണം. മൂത്ത സഹോദരിമാരെ അമ്മമാരെപ്പോലെയും ഇളയ സഹോദരിമാരെ സ്വന്തം സഹോദരിമാരെപ്പോലെയും കരുതണം. അവരോടുള്ള ഏർപ്പാടുകൾ നിർമ്മലതയോടെ ആയിരിക്കണം.

### വിധവമാരോടുള്ള ഉത്തരവാദിത്വം (5:3-16)

ദൈവദാസന്മാർ നിഷ്പക്ഷമായി ഏർപ്പെടുന്നവർ ആയിരിക്കണം (5:21). വിധവമാരോട് ഏർപ്പെടുന്ന കാര്യത്തിൽ സഭയുടെ ആരംഭഘട്ടം മുതൽ തന്നെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. സഭ വിധവമാരെ കരുതിയിരുന്നു. യിസ്രായേലിനോടും ദൈവം വിധവമാരെ കരുതുന്നതിനെക്കുറിച്ച് കല്പിച്ചിരുന്നു. ദൈവം വിധവമാരുടെയും അനാഥരുടെയും ദൈവമാണ് (ആവ. 14:29). വിധവമാരെ മക്കളും കൊച്ചുമക്കളും സംരക്ഷിക്കുവാൻ ഉത്തരവാദിത്വം ഉള്ളവരാണ്. അത് ദൈവത്തിന് പ്രസാദകരമാകുന്നു. അങ്ങനെ ചെയ്യാത്തവർ അവിശ്വാസികളെക്കാൾ അധമന്മാരാകുന്നു (5:8).

സഭ സംരക്ഷിക്കേണ്ടത് സാക്ഷാൽ വിധവയും ഏകാകിയുമായ സഹോദരിമാരെയാകുന്നു. അവിശ്വാസികളായ വിധവമാരെക്കുറിച്ചല്ല ഇവിടെ പറയു ന്നത്. അവൾ ദൈവത്തിൽ ആശവെച്ച് രാപ്പകൽ പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവൾ ആയിരിക്കണം. അവളുടെ സൽപ്രവൃത്തികളെക്കുറിച്ച് സാക്ഷ്യം ലഭിച്ചവൾ ആയിരിക്കണം. ഏക ഭർത്താവിന്റെ ഭാര്യയും അതിഥിപ്രിയയുമായിരുന്ന വിധവമാർ അതിന് യോഗ്യതയുള്ളവർ ആകുന്നു.

പ്രായം കുറഞ്ഞ വിധവമാരെ സഭ സംരക്ഷിക്കുന്നത് അപ്പൊസ്തലൻ നിരുത്സാഹപ്പെടുത്തുന്നു. അത് അവരെ സമയം മിനക്കെടുത്തുന്നവരും പരകാര്യങ്ങളിൽ ഏർപ്പെടുന്നവരും ആക്കും. അവർ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുകയും ആദ്യവിശ്വാസം ഉപേക്ഷിക്കുകയും ചെയ്യും. ഇത് അവർ അവിശ്വാസികളെ വിവാഹം ചെയ്യുന്നതിനെ കാണിക്കുന്നു. അവർ സാത്താന് അപവാദത്തിന് അവസരം നൽകാതിരിക്കുവാൻ വിവാഹം ചെയ്യുകയും മക്കളോട് ചേർന്ന് കുടുംബമായി ജീവിക്കുകയും ചെയ്യണം. അവർ സഭയ്ക്ക് ഭാരമായി തീരരുത്. വിശ്വാസികൾ അവരുടെ വിധവമാരെ സംരക്ഷിക്കുന്നവർ ആകണം.

### മൂപ്പന്മാരോടുള്ള ഉത്തരവാദിത്വങ്ങൾ (5:17,18)

ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് മൂപ്പന്മാർ. ഇവർ 5:1 ൽ പറയുന്ന മൂത്തവർ അല്ല. സഭയെ നയിക്കുവാനും ശുശ്രൂഷിക്കുവാനും അവർ നിയോഗിക്കപ്പെട്ടിരിക്കുന്നു. അവരുടെ യോഗ്യതകളെക്കുറിച്ച് നാം 3-ാം അദ്ധ്യായത്തിൽ കണ്ടു. നന്നായി ഭരിക്കുന്ന മൂപ്പന്മാർ സഭയെ നയിക്കുന്നവരാണ്. അതുപോലെ തന്നെ വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്ന മൂപ്പന്മാരും ഉണ്ട്. സഭയെ നയിക്കുന്നത് വചനാനുസരണമായിരിക്കണം. അതുകൊണ്ട് വചനശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാകുന്നു. അതിന് കൃപ ലഭിച്ചവരും സമയം മുഴുവനായി വേർതിരിച്ചവരും സഭയ്ക്ക് ആവശ്യമാകുന്നു. അവരെ സാമ്പത്തികമായി സഹായിക്കുവാൻ സഭയ്ക്ക് ഉത്തരവാദിത്വം ഉണ്ട്. അപ്പോൾ ജീവനകാര്യങ്ങളെക്കുറിച്ച് വിചാരപ്പെടാതെ വചനപഠനത്തിനും ശുശ്രൂഷകൾ ക്കുമായി സമയം ചെലവഴിക്കുവാൻ

അവർക്ക് കഴിയും. തൽഫലമായി സഭ കൾ ആത്മിക അഭിവൃദ്ധി പ്രാപിക്കും. ഇത് സ്ഥാപിക്കുവാൻ കർത്താവ് അരുളിച്ചെയ്തത് ഉദ്ധരിച്ചിരിക്കുന്നു. "വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ" (ലൂക്കൊ. 10:7). അതിന് ഒരു ദൃഷ്ടാന്തവും പഴയനിയമത്തിൽനിന്നും ഉദ്ധരി ച്ചിരിക്കുന്നു (ആവ. 25:4). പൗലൊസ് കൊരിന്തിലുള്ള സഭയെ ഈ സത്യം ചൂണ്ടിക്കാണിച്ചിരുന്നു (1 കൊരി. 9:7-14). ദൈവദാസന്മാർ ഇരട്ടി മാനത്തിന് യോഗ്യരാകുന്നു. അവർ പട്ടിണിയും പരിവട്ടവും അനുഭവിക്കുന്നത് നിർഭാഗ്യകരമാകുന്നു. അപ്പോൾ തന്നെ ദൈവദാസന്മാർ പണസമ്പാദനത്തിനായി കർത്തൃവേല സ്വീകരിക്കരുത്.

## മൂപ്പന്മാരുടെമേലുള്ള ശിക്ഷണനടപടി (5:19-22)

പാപംചെയ്യുന്ന വിശ്വാസികളുടെമേൽ നടത്തേണ്ട ശിക്ഷണനടപടിയെക്കുറിച്ച് നാം മത്താ. 18:15-18; 1 കൊരി. 5 തുടങ്ങിയ വേദഭാഗങ്ങളിൽ കാണുന്നുണ്ട്. അത് വളരെ കരുതലോടും ദുഃഖത്തോടുംകൂടെ നടത്തേണ്ടതാകുന്നു. മൂപ്പന്മാരുടെ നേരെയുള്ള നടപടി സഭയെ മൊത്തമായി ബാധിക്കുന്നതാണ്. ദൈവത്തെയും ക്രിസ്തുവിനെയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിനിർത്തി ചെയ്യേണ്ടതാണ് ഇത്. അതിൽനിന്നും ഈ നടപടിയുടെ ഗൗരവം വ്യക്തമാണല്ലോ. മൂപ്പനു നേരെ അന്യായം രണ്ടോ മൂന്നോ ദൃക്സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ മാത്രമേ ഉന്നയിക്കാവൂ. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ അത് ചെയ്യരുത്. ആദ്യം തെറ്റ് തന്നെ അറിയിക്കയും അനുതപിക്കുവാൻ അവസരം നൽകയും ചെയ്യണം. അനുതപിക്കുന്നപക്ഷം പ്രശ്നം എന്നേക്കുമായി പരിഹരിക്കപ്പെടുന്നു. നടപടി എടുക്കുന്നതുകൊണ്ടുള്ള ഉദ്ദേശം യഥാസ്ഥാനപ്പെടുത്തുക എന്നുള്ളതാണ്. മൂപ്പനെ പുറത്താക്കുവാനുള്ളതല്ല ഇത് എന്ന് സാരം. ആത്മീയരായ വിശ്വാസികൾ സൗമ്യതയുടെ ആത്മാവിൽ ചെയ്യേണ്ടതാകുന്നു ഇത് (ഗലാ. 6:1). മൂപ്പന്മാർക്ക് നേരെ നടത്തുന്ന ശിക്ഷണ നടപടി ദൈവവചനാനുസരണവും മുഖപക്ഷം കൂടാതെ ചെയ്യേണ്ടതുമാകുന്നു. അനുതപിക്കാത്തപക്ഷം ദൈവഭയം വിശ്വാസികളിൽ ഉളവാകുവാൻ അവരെ പരസ്യമായി ശാസിക്കേണ്ടതും ആകുന്നു.

സഭയിൽ മൂപ്പന്മാരെ അംഗീകരിക്കുന്നത് വചനാനുസരണം ആയിരിക്കണം. അവരുടെ യോഗ്യതകൾ പരിശോധിച്ച് അവരെ അംഗീകരിക്കണം. പാപത്തിൽ ജീവിക്കുന്നവരെ മൂപ്പന്മാരായി അംഗീകരിക്കുമ്പോൾ അവരുടെ പാപത്തിൽ നാം പങ്കാളികൾ ആകും. അങ്ങനെ സംഭവിക്കാതെയിരിക്കുവാൻ വേഗത്തിൽ ആരെയും മൂപ്പന്മാരായി അംഗീകരിക്കരുതെന്ന് തിമൊഥെയൊസിനെ ഉദ്ബോധിപ്പിക്കുന്നു.

## തിമൊഥെയൊസിനുള്ള വ്യക്തിപരമായ കല്പന (5:23-25)

തിമൊഥെയൊസിന് ശാരീരികരോഗവും ക്ഷീണവും ഉണ്ടായിരുന്നു. അജീർണ്ണത ദഹനക്കേടിനെ കാണിക്കുന്നതായി അഭിപ്രായപ്പെടുന്നു. തന്മൂലം ക്ഷീണവും അനുഭവപ്പെട്ടിരുന്നു. അതിന്റെ പരിഹാരാർത്ഥം അല്പം വീഞ്ഞു മരുന്നായി ഉപയോഗിക്കുവാൻ അപ്പൊസ്തലൻ ഉപദേശിക്കുന്നു. ഇത് മദ്യപാനത്തിനുള്ള അനുവാദമായി പരിഗണിക്കാവുന്നതല്ല. മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിനു മുമ്പേയും ചിലരുടേത് ക്രമേണയും വെളിപ്പെടുന്നു. അതുകൊണ്ട് ആരെയും മൂപ്പന്മാരായി വേഗത്തിൽ അംഗീകരിക്കരുതെന്ന് പിന്നെയും തിമൊഥെയൊസിനെ ഓർമ്മിപ്പിക്കുന്നു.

# അദ്ധ്യായം 6

## ദാസന്മാരുടെ ചുമതല (6:1,2)

സഭയിലുള്ള വിവിധ തരത്തിലുള്ള വിശ്വാസികളുടെ ചുമതലകൾ അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നു. അന്ന് വിശ്വാസികൾ പലരും അടിമ പശ്ചാത്തലത്തിൽനിന്നും രക്ഷിക്കപ്പെട്ടു വന്നവരായിരുന്നു. റോമിലെ ജനസംഖ്യയിൽ പകുതിയോളം അടിമകളായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. രക്ഷിക്കപ്പെട്ടു വന്നവർ അവരുടെ യജമാനന്മാരെ അനുസരിക്കുവാൻ മടിച്ചു. ചില യജമാനന്മാർ അവിശ്വാസികളും ആയിരുന്നു. രക്ഷിക്കപ്പെട്ടു വന്നവരായ അടിമകൾ അവരുടെ യജമാനന്മാരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം എന്ന് ആജ്ഞാപിച്ചിരിക്കുന്നു. അല്ലാത്തപക്ഷം ദൈവനാമം ദുഷിക്കപ്പെടും. വിശ്വാസികളായ യജമാനന്മാർ സഹോദരന്മാരായ അടിമകളെ സഭായോഗങ്ങളിൽ താണവരായി ഗണിക്കരുത്. അടിമകളായ സഹോദരന്മാർ യജമാനന്മാർക്ക് വിശ്വാസികളും പ്രിയരും ആകയാൽ അവരെ ഉത്സാഹത്തോടുകൂടെ സേവിക്കുന്നവർ ആകണം. തിമൊഥെയൊസ് ഇത് ഉപദേശിക്കണം എന്ന് ആജ്ഞാപിച്ചിരിക്കുന്നു. ഇന്ന് തൊഴിലാളി-മുതലാളി ബന്ധത്തിലും ഈ സ്വഭാവം പ്രകടമാക്കണം.

## ദുരുപദേഷ്ടാക്കന്മാരോടുള്ള മനോഭാവം (6:3-10)

ദുരുപദേഷ്ടാക്കന്മാർ സഭയിൽ നുഴഞ്ഞുകയറുവാൻ സാധ്യതയുള്ള തിനാൽ അവരെ സൂക്ഷിക്കണം. അവരുടെ അടയാളം ഇവിടെ അപ്പൊസ്തലൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവർ ക്രിസ്തുവിന്റെ പത്ഥ്യവചനം ഉപദേശിക്കുന്നവരല്ല. അവരുടെ ഉപദേശം ഭക്തി ഉളവാക്കുന്നതല്ല. ആത്മിക തിരിച്ചറിവില്ലാത്തവരായി അവർ തർക്കത്തിനും വാഗ്വാദത്തിനും ഭ്രാന്തുപിടിച്ച് നടക്കുന്നു. അവർ ആത്മിക അഹങ്കാരികളായി കഴിയുന്നു. തൽഫലമായി അസൂയ, ശണ്ഠ, ദൂഷണം, സത്യം ത്യജിക്കുവാൻ പ്രേരിപ്പിക്കുന്ന വ്യർത്ഥവാദ ങ്ങൾ എന്നിവ അവർ മൂലം സഭയിൽ ഉണ്ടാ

കുന്നു. അവർ ദൈവസേവ ആദായസൂത്രമാക്കുന്നവരാണ്. കർത്താവിനോടുള്ള സ്നേഹം കർത്തൃസേവ യ്ക്ക് നമ്മെ നിർബന്ധിക്കണം. നമ്മുടെ ശുശ്രൂഷകൾ വിശ്വാസികളിൽ ഭക്തി ഉളവാക്കണം. നാം ഭിന്നതകൾ ഒഴിഞ്ഞിരിക്കണം. സംതൃപ്തിയുള്ള ദൈവഭക്തി വലിയ ആദായം ആകുന്നു. ധനം സംതൃപ്തി നൽകയില്ല. സമ്പത്ത് ക്ഷണികമാണ്. ധനികരാകുവാനുള്ള ആഗ്രഹം നാനാപരീക്ഷകളിലേക്ക് നയിക്കും. അത്യാഗ്രഹം വരുത്തുന്ന വിപത്ത് അസംഖ്യമാണ്. തൻമൂലം വിശ്വാസം ത്യജിച്ച് ബഹുദുഃഖങ്ങൾക്ക് അടിമകളായി തീരും.

ദൈവം നമ്മുടെ ആവശ്യങ്ങൾ നൽകുവാൻ വിശ്വസ്തനും മതിയായവനും ആകുന്നു. അതിൽ നാം സംതൃപ്തിപ്പെടുന്നവർ ആകണം. നാം ഒഴിഞ്ഞ കൈകളോടെ ലോകത്തിൽ ജനിച്ചു. നമുക്ക് ഇവിടെനിന്നും ഒന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. അതുകൊണ്ട് അലംഭാവത്തോടുകൂടിയ ദൈവഭക്തി വലിയ ധനമാകുന്നു. അപ്പോൾ നാം സന്തോഷവും സമാധാനവും സംതൃപ്തിയും ജീവിതത്തിൽ അനുഭവിക്കും.

## ദൈവദാസന്മാരുടെ ഉത്തരവാദിത്വങ്ങൾ (6:11-16)

ദുരുപദേഷ്ടാക്കന്മാരുടെ സ്വഭാവം വ്യക്തമാക്കിയശേഷം ദൈവത്തിന്റെ മനുഷ്യൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. കർത്തൃദാസ ന്മാർ സ്വന്ത ജീവിതം ദൈവഭക്തിയിൽ സൂക്ഷിക്കുന്നവർ ആകണം. അവരെക്കുറിച്ച് മാത്രമേ ദൈവത്തിന്റെ മനുഷ്യർ എന്നു പറയുവാൻ കഴിയുകയുള്ളൂ. മോശെയും ശമൂവേലും ഏലീയാവും ദാവീദും ദൈവപുരുഷന്മാർ ആയിരുന്നു. തിമൊഥെയൊസും ദൈവമനുഷ്യനായിരുന്നു. അവൻ വിട്ടോടുവാൻ കല്പിച്ചിരിക്കുന്ന കാര്യങ്ങൾ നാം കണ്ടുകഴിഞ്ഞു. ദുരുപദേഷ്ടാക്കന്മാരുടെ സ്വഭാവങ്ങൾ നാം ത്യജിക്കണം. കൂടാതെ നാം പിൻതുടരേണ്ട കാര്യങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവ നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയാണ്. ജീവിതത്തിൽ വിശ്വസ്തത പുലർത്തുന്നവരും, ഭക്തി യിൽ വർദ്ധിച്ചുവരുന്നവരും, നിസ്വാർത്ഥസ്നേഹമുള്ളവരും, കഷ്ടതകളുടെ മദ്ധ്യത്തിൽ സ്ഥിരതയുള്ളവരും, സൗമ്യതയുള്ളവരുമാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ അപ്പൊസ്തലൻ തിമൊഥെ യൊസിനോട് ആജ്ഞാപിക്കുന്നു. ഒരിക്കലായി ഭരമേല്പിച്ചിട്ടുള്ള തിരുവചന സത്യങ്ങൾ കാത്തുസൂക്ഷിക്കണം എന്നു സാരം. നിത്യജീവനിലുള്ള സന്തോഷവും പ്രത്യാശയുംകൊണ്ട് ഹൃദയം നിറയണം. അവൻ രക്ഷിക്കപ്പെട്ടവ നാണെന്നും മാതൃകാജീവിതം നയിക്കണം എന്നും ആജ്ഞാപിക്കുന്നു. ഈ കല്പന കർത്താവിന്റെ വരവുവരേയും അനുസരിക്കുവാൻ തിമൊഥെയൊസിന് കഴിയണം. കർത്താവിന്റെ വരവ് വിശുദ്ധജീവിതത്തിന് പ്രേരണ നൽ കണം (1 യോഹ. 3:2,3). അവൻ മാറ്റമില്ലാത്തവനും മഹത്വസമ്പൂർണ്ണനും ആകുന്നു. അവനെക്കുറിച്ചുള്ള ശ്രേഷ്ഠമായ അറിവ് തിമൊഥെയൊസിന് വിശ്വാസത്തിന്റെ നല്ല പോരാട്ടം ചെയ്യുവാൻ പ്രേരണ നൽകണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

## ധനവാന്മാർക്കുള്ള ഉപദേശം (6:17-19)

ദൈവമക്കൾ സമ്പത്തിൽ ആശ്രയിക്കരുത്. അത് ക്ഷണികമാണ്. ധനവാന്മാർ സമ്പത്തിൽ അഹങ്കരിക്കരുത്. ദൈവമാണ് ധനം തുടങ്ങിയ നന്മകൾ നൽകുന്നത്. അത് സന്തോഷത്തോടെ അനുഭവിക്കുവാനാണ് നൽകിയിട്ടുള്ളത്. ആ നന്മകൾ സ്വീകരിച്ച് ദൈവനാമമഹത്വത്തിനായി അത് പ്രയോജനപ്പെടുത്തണം. ദൈവദൃഷ്ടിയിൽ അതു സൽപ്രവൃത്തികളാണ്. അങ്ങനെ നമുക്ക് ദാനശീലരും ഔദാര്യം ചെയ്യുവാൻ മനസ്സുള്ളവരുമാകുവാൻ കഴിയും. നാം ദൈവത്തിൽ ആശ്രയിക്കുന്നവർ ആകണം. നാമും നമുക്കുള്ളതും കർത്താവിന്റെ ശുശ്രൂഷയ്ക്കായി ചെലവിടുവാൻ കഴിയണം. അപ്പോൾ സ്വർഗ്ഗത്തിൽ നമ്മുടെ നിക്ഷേപം വലിയതാകും. കർത്താവ് നമ്മെ സഹായിക്കട്ടെ.

## ഉപസംഹാരം (6:20-22)

തിമൊഥെയൊസ് ദൈവത്തിന്റെ മനുഷ്യനാണ്. അവൻ ദൈവജനത്തെ സേവിക്കുവാൻ ദിവ്യവിളി ലഭിച്ചവനാണ്. അവൻ ദൈവവചനമായ ഉപനിധി പ്രാപിച്ചവനാണ്. അത് കാത്തുകൊള്ളുവാനുള്ള ഉത്തരവാദിത്വം അവനുണ്ടായിരുന്നു. ദുരുപദേഷ്ടാക്കന്മാരുടെ ഭക്തിവിരുദ്ധമായ തർക്കസൂത്രങ്ങൾ ഉപേക്ഷിച്ച് ദൈവവചനം ശുശ്രൂഷിക്കുവാൻ അപ്പൊസ്തലൻ തിമൊഥെയൊസിനെ ആഹ്വാനം ചെയ്യുന്നു. ലോകത്തിൽ ഇന്ന് മനുഷ്യരെ തെറ്റിക്കുന്ന ഭക്തിവിരുദ്ധമായ ഉപദേശങ്ങളും ജ്ഞാനസിദ്ധാന്തങ്ങളും ഉണ്ട്. അതിൽ വിശ്വസിക്കുന്നവർ തെറ്റിപ്പോകും. വിശ്വാസത്യാഗം അവർക്ക് സംഭവിക്കും. ദൈവമക്കൾ അത് ഒഴിഞ്ഞിരിക്കണം. 'കൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ' എന്ന ആശീർവ്വാദത്തോടെ ലേഖനം ഉപസംഹരിച്ചിരിക്കുന്നു. ആമേൻ.

* * *